**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 140</u>** **<u>27-06-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ന്യൂനപക്ഷക്ഷേമ സ്കോളർഷിപ്പ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; എത്ര നാളായി പ്രസ്തുത പദ്ധതികൾ നടപ്പാക്കി വരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 -ആയി ചേർക്കുന്നു.** |
| (ബി) | സംസ്ഥാനത്തെ ഏതൊക്കെ സമുദായങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിക്കുകയെന്ന് വിശദമാക്കാമോ; ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിന് സമുദായം തിരിച്ച് അനുപാതം നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; ഓരോ സമുദായത്തിനും ഏത് അനുപാതത്തിലാണ് നൽകുന്നതെന്ന് അറിയിക്കാമോ; | (ബി) | 16.07.2021- ാം തീയതിയിലെ സ.ഉ(കൈ) നമ്പർ 135/2021/പൊഭവ ഉത്തരവ് പ്രകാരം, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകി വരുന്ന സ്കോളർഷിപ്പുകളുടെ അനുപാതം 2011– ലെ സെൻസസ് പ്രകാരം ജനസംഖ്യാ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളായ ക്രിസ്ത്യൻ(18.38%),മുസ്ലീം(26.56%), ബുദ്ധ (0.01%), ജൈന (0.01%), സിഖ് (0.01%), പാഴ്സി(0.01%) എന്നിവർക്ക് നൽകുന്നതിനും ഒരു വിഭാഗത്തിനും ആനുകൂല്യം നഷ്ടപ്പെടാതെ ജനസംഖ്യാനുപാതത്തിൽ അനുവദിക്കാനും മേൽപ്പറഞ്ഞ ന്യൂനപക്ഷ സമുദായത്തിൽ നിന്നും അർഹരായ അപേക്ഷകർ ഉള്ള പക്ഷം, നിലവിൽ ആനുകൂല്യങ്ങൾ ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന തുകയിലോ ആനുകൂല്യം ലഭിക്കുന്ന എണ്ണത്തിലോ കുറവുണ്ടാകരുത് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | കഴിഞ്ഞ അഞ്ച് വർഷം വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകളുടെയും സ്കോളർഷിപ്പ് അനുവദിച്ചവരുടെയും എണ്ണം സമുദായം, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ? | (സി) | **കഴിഞ്ഞ അഞ്ച് വർഷം വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകളുടെയും സ്കോളർഷിപ്പ് അനുവദിച്ചവരുടെയും എണ്ണം സമുദായം, വർഷം എന്നിവ തിരിച്ചുള്ള വിശദ വിവരം അനുബന്ധം 2-ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

## സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന സ്കോളർഷിപ്പ് പദ്ധതികൾ

| ക്രമ. നം | സ്കോളർഷിപ്പ് വിവരങ്ങൾ | നടപ്പിലാക്കിയ വർഷം |
|---|---|---|
| 1 | **പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്**<br>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ എസ്.എസ്.എൽ.സി/പ്ലസ് ടു/ വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്ക് 10,000/ രൂപയും, ബിരുദത്തിന് 80%-മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടിയ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 15,000/ രൂപയും സ്കോളർഷിപ്പ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള വിഭാഗത്തിൽപ്പെട്ടവരെ പരിഗണിക്കും. | 2016-17 മുതൽ നടപ്പിലാക്കി വരുന്നു. |
| 2 | **ചാർട്ടേർഡ് അക്കൗണ്ടൻസി / കോസ്റ്റ് & മാനേജ്മെൻറ് അക്കൗണ്ടിങ്/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.**<br>ഫൈനൽ, ഇന്റർമീഡിയേറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 15,000/- രൂപ വീതമാണ് സ്കോളർഷിപ്പ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. | 2013-14 മുതൽ നടപ്പിലാക്കി വരുന്നു. |
| 3 | **സ്വകാര്യ ഐ.റ്റി.ഐ – കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ- റീ ഇംമ്പേഴ്സ്മെന്റ് സ്കീം**<br>രണ്ട് വർഷം/ഒരു വർഷം കോഴ്സുകൾക്ക് യഥാക്രമം | 2013-14 മുതൽ നടപ്പിലാക്കി വരുന്നു. |

| | | |
|---|---|---|
| | 20,000/- രൂപ, 10,000/- രൂപ എന്ന തോതിലാണ് സാമ്പത്തിക സഹായം നൽകുന്നത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം **8** ലക്ഷം രൂപ വരെയുള്ള വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. സ്കോളർഷിപ്പിന്റെ **10%** പെൺകുട്ടി കൾക്കായി സംവരണം ചെയ്തിരിക്കുന്നു. | |
| 4 | **<u>എ.പി.ജെ. അബ്ദുൽ കലാം സ്കോളഷിപ്പ്</u>**<br>സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം **6000/-** രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം **8** ലക്ഷം രൂപ വരെയുള്ള വിഭാഗത്തിൽപ്പെട്ടവരെ പരിഗണിക്കും. സ്കോളർഷിപ്പിന്റെ **30%** പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. | 2018-19 മുതൽ നടപ്പിലാക്കി വരുന്നു. |
| 5 | **<u>മദർ തെരേസ സ്കോളർഷിപ്പ്</u>**<br>പൊതു പ്രവേശന പരീക്ഷയെഴുതി കേരളത്തിലെ നേഴ്സിംങ് കോളേജ്/മെഡിക്കൽ കോളേജുകളിൽ നേഴ്സിംങ് ഡിപ്ലോമ/ പാരാ മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000/ രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയവരായിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള വിഭാഗത്തിൽപ്പെട്ടവരെ പരിഗണിക്കും. ഇതിൽ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. | 2018-19 മുതൽ നടപ്പിലാക്കി വരുന്നു. |

| | | |
|---|---|---|
| 6 | **<u>സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്</u>**<br>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **5000/-** രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **6000/-** രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **7000/-** രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റ് ഇനത്തിൽ **13000/-** രൂപ വീതവും പ്രതിവർഷം നൽകുന്നു. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം **8** ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു. | 2014-15 മുതൽ നടപ്പിലാക്കി വരുന്നു. |
| 7 | **<u>ഇബ്രാഹീം സുലൈമാൻ സേട്ട് ഉറുദു ക്യാഷ് അവാർഡ്</u>**<br>ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കും ഉറുദു രണ്ടാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ഒരു വിദ്യാർത്ഥിക്ക് 1000/- രൂപാ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു. ടി സ്കോളർഷിപ്പ്, അപേക്ഷിക്കുന്ന എല്ലാ വിഭാഗക്കാർക്കും നൽകി വരുന്നു. | 2012-13 മുതൽ നടപ്പിലാക്കി വരുന്നു. |
| 8 | **<u>സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി</u>**<br>സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതിയിൽ ഒരു ഉദ്യോഗാർത്ഥിക്ക് കോഴ്സ് ഫീ ഇനത്തിൽ 20,000/- രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000/ രൂപയും പരമാവധി നൽകും. | 2014-15 മുതൽ നടപ്പിലാക്കി വരുന്നു. |

| | | |
|---|---|---|
| 9 | **വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്**<br>ഉന്നത പഠന നിലവാരം പുലർത്തുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ /എഞ്ചിനീയറിംഗ്/പ്യുവർ സയൻസ്/ അഗ്രികൾച്ചർ/ സോഷ്യൽ സയൻസ്/നിയമം/മാനേജ്മെൻറ് എന്നീ വിഷയങ്ങളിൽ Under Graduate/ Post Graduate/Ph.D കോഴ്സുകൾക്ക് ഉപരിപഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് പദ്ധതിയാണിത്. പരമാവധി 10,00,000/- രൂപയാണ് സ്കോളർഷിപ്പ് തുക. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു. | 2021-22 മുതൽ നടപ്പിലാക്കി വരുന്നു. |
| 10 | **പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.ടി.**<br>ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ എന്ന സ്ഥാപനത്തിൽ പി.ജി. ഡിപ്ലോമ ഇൻ ജി.എസ്.ടി. കോഴ്സിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. 15,000/- രൂപയാണ് സ്കോളർഷിപ്പ് തുക. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു. | 2021-22 മുതൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -2**

**നൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അപേക്ഷകളുടെ കഴിഞ്ഞ അഞ്ച് വർഷത്തെ വിശദാംശങ്ങൾ**

**2017-18 വർഷത്തെ സ്കോളർഷിപ്പുകളുടെ വിവരങ്ങൾ**

| ക്രമ. നം | സ്കോളർഷിപ്പിന്റെ പേര് | മുസ്ലീം | | | ക്രിസ്ത്യൻ | | | മറ്റു വിഭാഗങ്ങളുടെ എണ്ണം (സിഖ്, ബുദ്ധ, ജൈന, പാഴ്സി) |
|---|---|---|---|---|---|---|---|---|
| | | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപനമേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപനമേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | |
| 1 | പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (എസ് .എസ്.എൽ.സി/ പ്ലസ് ടൂ, യു.ജി/പി.ജി)) | 2397 | 1605 | 1590 | 1250 | 833 | 815 | ടി സ്കോളർഷിപ്പിന് പാഴ്സി, ജൈന മത വിഭാഗത്തിൽ നിന്നും ഒന്നുവീതം അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥാപനമേധാവി അപ്രൂവൽ നൽകിയിട്ടില്ല. |
| 2 | സി.എ/ ഐ.സി.ഡബ്ല്യൂ.എ/ സി.എസ് സ്കോളർഷിപ്പ് | 2061 | 1025 | 532 | 757 | 419 | 134 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |

<table>
<tr><td>3</td><td>പ്രൈവറ്റ് ഐ.റ്റി.ഐ-ഫീ റീ- ഇംബേഴ്സ് മെൻറ് സ്കീം</td><td>2308</td><td>2175</td><td>2175</td><td>879</td><td>841</td><td>821</td><td>ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും സ്ഥാപന മേധാവി അംഗീകരിച്ച് 3 അപേക്ഷയും, പാഴ്സി മത വിഭാഗത്തിൽ നിന്നും 1 അപേക്ഷയും ലഭിച്ചിട്ടുണ്ട്. ബുദ്ധ മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥിയേയും, പാഴ്സി മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥിയേയും സ്കോളർഷിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്.</td></tr>
<tr><td rowspan="2">4</td><td>സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്)</td><td>7084</td><td>5927</td><td>5865</td><td>452</td><td>344</td><td>340</td><td>അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല</td></tr>
<tr><td>സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ)</td><td>4738</td><td>4482</td><td>4482</td><td>115</td><td>106</td><td>106</td><td>അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല</td></tr>
<tr><td>5</td><td>സിവിൽ സർവ്വീസ് ഫീ-റീ ഇംബേഴ്സ്മെൻറ് സ്കീം</td><td colspan="7" rowspan="2">ഈ സ്കോളർഷിപ്പുകൾ അപേക്ഷിക്കുന്ന മുഴുവൻ അപേക്ഷകർക്കും അനുവദിച്ചു വരുന്നതിനാൽ വിഭാഗം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല. ടി സ്കോളർഷിപ്പുകളുടെ ആകെ അപേക്ഷകരിൽ ഉറുദു വിഭാഗത്തിന് 341 പേർക്കും, സിവിൽ സർവ്വീസ് വിഭാഗത്തിലുള്ള അർഹരായ 88 പേർക്കും സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.</td></tr>
<tr><td>6</td><td>ഉർദു സ്കോളർഷിപ്പ്</td></tr>
</table>

## 2018-19 വർഷത്തെ സ്കോളർഷിപ്പുകളുടെ വിവരങ്ങൾ

| ക്രമ .നം | സ്കോളർഷിപ്പിന്റെ പേര് | മുസ്ലീം | | | ക്രിസ്ത്യൻ | | | മറ്റു വിഭാഗങ്ങളുടെ എണ്ണം (സിഖ്, ബുദ്ധ, ജൈന, പാഴ്സി) |
|---|---|---|---|---|---|---|---|---|
| | | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപനമേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപനമേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | |
| 1 | പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (എസ് .എസ്.എൽ.സി/ പ്ലസ് ടു, യു.ജി/പി.ജി)) | 2649 | 1955 | 1751 | 1465 | 924 | 724 | ടി സ്കോളർഷിപ്പിന് ജൈന മത വിഭാഗത്തിൽ നിന്നും ഒരു അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥാപനമേധാവി അപ്രൂവൽ നൽകിയിട്ടില്ല. |
| 2 | സി.എ/ ഐ.സി.ഡബ്ല്യൂ.എ/ സി.എസ് സ്കോളർഷിപ്പ് | 1912 | 584 | 263 | 682 | 189 | 70 | ടി സ്കോളർഷിപ്പിന് പാഴ്സി, ജൈന മത വിഭാഗത്തിൽ നിന്നും ഓരോരുത്തരും ബുദ്ധ മത വിഭാഗത്തിൽ നിന്നും 2 വിദ്യാർത്ഥികളും സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും പാഴ്സി, ജൈന മത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവി അപ്രൂവൽ നൽകിയിട്ടില്ല. ബുദ്ധ മത വിഭാഗത്തിൽ നിന്ന് സ്ഥാപനമേധാവി അംഗീകരിച്ച ഒരു അപേക്ഷ ലഭിച്ച എന്നാൽ സ്കോളർഷിപ്പിന് തെരഞ്ഞെടുത്തിട്ടില്ല. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | പ്രൈവറ്റ് ഐ.റ്റി.ഐ-ഫീ റീ- ഇംമ്പേഴ്സ് മെൻറ് സ്കീം | 4750 | 4367 | 2406 | 2028 | 1763 | 593 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥികൾ അപേക്ഷിക്കുകയും ഒരാളിനെ സ്കോളർഷിപ്പിന് തെരഞ്ഞെടുത്തിട്ടുണ്ട്. പാഴ്സി മത വിഭാഗത്തിൽ ഒരാൾ അപേക്ഷിച്ചെങ്കിലും സ്കോളർഷിപ്പിനായി തെരഞ്ഞെടുത്തിട്ടില്ല. ജൈന മത വിഭാഗത്തിൽ നിന്നും ഒരാൾ അപേക്ഷിച്ചെങ്കിലും സ്ഥാപന മേധാവി അംഗീകരിച്ചിട്ടില്ല. |
| 4 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്) | 9226 | 6795 | 5042 | 428 | 321 | 310 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) | 6080 | 5815 | 5815 | 199 | 188 | 188 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 5 | സിവിൽ സർവ്വീസ് ഫീ-റീ ഇംമ്പേഴ്സ്മെൻറ് സ്കീം | 95 | 88 | 83 | 52 | 45 | 42 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 6 | ഉർദു സ്കോളർഷിപ്പ് | 261 | 201 | 201 | 9 | 1 | 1 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 7 | മദർതേരേസ സ്കോളർഷിപ്പ് | 225 | 175 | 151 | 488 | 360 | 78 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 8 | എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് | 568 | 226 | 226 | 282 | 94 | 87 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |

# 2019-20 വർഷത്തെ സ്കോളർഷിപ്പുകളുടെ വിവരങ്ങൾ

| ക്രമ .നം | സ്കോളർഷിപ്പിന്റെ പേര് | മുസ്ലീം | | | ക്രിസ്ത്യൻ | | | മറ്റു വിഭാഗങ്ങളുടെ എണ്ണം (സിഖ്, ബുദ്ധ, ജൈന, പാഴ്സി) |
|---|---|---|---|---|---|---|---|---|
| | | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപനമേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപനമേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | |
| 1 | പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (എസ് .എസ്.എൽ.സി/ പ്ലസ് ടു, യു.ജി/പി.ജി)) | 4466 | 3278 | 2268 | 2596 | 1834 | 566 | ടി സ്കോളർഷിപ്പിന് പാഴ്സി മത വിഭാഗത്തിൽ നിന്നും ഒരാൾ സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനമേധാവി അപ്രൂവൽ നൽകിയിട്ടില്ല. ജൈന മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥികൾ അപേക്ഷിച്ചെങ്കിലും 2 വിദ്യാർത്ഥികൾക്ക് അപ്രൂവൽ ലഭിക്കുകയും ഒരാളിനെ സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുകയും ചെയ്തു. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | സി.എ/ ഐ.സി.ഡബ്ല്യൂ.എ/ സി.എസ് സ്കോളർഷിപ്പ് | 559 | 73 | 71 | 429 | 108 | 108 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 4 , പാഴ്സി മത വിഭാഗത്തിൽ നിന്നും 1, ജൈന മത വിഭാഗത്തിൽ നിന്നും 2 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനമേധാവി അപ്രൂവൽ നൽകിയിട്ടില്ല. |
| 3 | പ്രൈവറ്റ് ഐ.റ്റി.ഐ- ഫീ റീ- ഇംമ്പേഴ്സ് മെൻറ് സ്കീം | 4851 | 3858 | 1600 | 2127 | 1686 | 395 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അപേക്ഷിച്ചെങ്കിലും ആരെയും സ്കോളർഷിപ്പിന് തെരഞ്ഞെടുത്തിട്ടില്ല. സിഖ് മത വിഭാഗത്തിൽ 17 പേർ അപേക്ഷിക്കുകയും 5 വിദ്യാർത്ഥികളെ സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുകയും ചെയ്തു. |
| 4 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്) | 7512 | 6072 | 4959 | 220 | 143 | 137 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) | 6139 | 5540 | 5540 | 283 | 242 | 242 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 5 | സിവിൽ സർവ്വീസ് ഫീ-റീ ഇംമ്പേഴ്സ്മെൻറ് സ്കീം | 85 | 77 | 77 | 49 | 39 | 39 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | ഉർദ്ദു സ്കോളർഷിപ്പ് | 196 | 148 | 148 | 3 | 2 | 2 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 7 | മദർതേരേസ സ്കോളർഷിപ്പ് | 558 | 478 | 378 | 252 | 173 | 116 | ടി സ്കോളർഷിപ്പിന് ജൈന മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥി സ്കോളർഷിപ്പിന് അപേക്ഷിക്കുകയും ടി വിദ്യാർത്ഥിയെ സ്കോളർഷിപ്പിനായി തെരഞ്ഞെടുത്തിട്ടുമുണ്ട്. |
| 8 | എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് | 1010 | 783 | 743 | 538 | 351 | 247 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 6 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനമേധാവി അപ്പ്രൂവൽ നൽകിയിട്ടില്ല. |

## 2020-21 വർഷത്തെ സ്കോളർഷിപ്പുകളുടെ വിവരങ്ങൾ

| ക്രമ .നം | സ്കോളർഷിപ്പിന്റെ പേര് | മുസ്ലീം | | | ക്രിസ്ത്യൻ | | | മറ്റു വിഭാഗങ്ങളുടെ എണ്ണം (സിഖ്, ബുദ്ധ, ജൈന, പാഴ്സി) |
|---|---|---|---|---|---|---|---|---|
| | | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപനമേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപനമേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | |
| 1 | പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (എസ്.എസ്.എൽ.സി/ പ്ലസ് ടു, യു.ജി/പി.ജി) | 9771 | 8566 | 2268 | 6547 | 5635 | 567 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 2 വിദ്യാർത്ഥികളും, പാഴ്സി മത വിഭാഗത്തിൽ ഒരാളും സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനമേധാവി അപ്രൂവൽ നൽകിയിട്ടില്ല. ജൈന മത വിഭാഗത്തിൽ നിന്നും 2 വിദ്യാർത്ഥികളും സിഖ് മത വിഭാഗത്തിൽ നിന്നും 6 പേരും സ്കോളർഷിപ്പിന് അപേക്ഷിച്ചെങ്കിലും സ്കോളർഷിപ്പിനായി തെരഞ്ഞെടുത്തിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | സി.എ/ ഐ.സി.ഡബ്ല്യൂ.എ/ സി.എസ് സ്കോളർഷിപ്പ് | 465 | 88 | 88 | 410 | 83 | 83 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 2 , പാഴ്സി മത വിഭാഗത്തിൽ നിന്നും 1, ജൈന മത വിഭാഗത്തിൽ നിന്നും 3, സിഖ് മത വിഭാഗത്തിൽ നിന്നും ഒരു വിദ്യാർത്ഥിയും സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനമേധാവി അപ്രൂവൽ നൽകിയിട്ടില്ല. |
| 3 | പ്രൈവറ്റ് ഐ.റ്റി.ഐ- ഫീ റീ- ഇംമ്പേഴ്സ് മെൻറ് സ്കീം | 2285 | 2139 | 1857 | 983 | 864 | 519 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 2 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അപേക്ഷിക്കുകയും ഒരാളിന് അപ്രൂവൽ ലഭിക്കുകയും ഒരാളിനെ സ്കോളർഷിപ്പിന് തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. |
| 4 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്) | 11150 | 8269 | 5337 | 748 | 356 | 322 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) | 5873 | 5473 | 5473 | 199 | 172 | 172 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 5 | സിവിൽ സർവ്വീസ് ഫീ- റീ ഇംമ്പേഴ്സ്മെൻറ് സ്കീം | 34 | 22 | 22 | 20 | 14 | 14 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 6 | ഉർദു സ്കോളർഷിപ്പ് | 262 | 190 | 190 | 3 | 2 | 2 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | മദർതേരേസ സ്കോളർഷിപ്പ് | 208 | 151 | 149 | 129 | 64 | 62 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 8 | എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് | 1359 | 889 | 777 | 450 | 251 | 212 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 14 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും 2 വിദ്യാർത്ഥികൾക്കാണ് സ്ഥാപനമേധാവി അപ്രൂവൽ നൽകിയത് രണ്ട് വിദ്യാർത്ഥികളെ സ്കോളർഷിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |

## 2021-22 വർഷത്തെ സ്കോളർഷിപ്പുകളുടെ വിവരങ്ങൾ

| ക്രമ. നം | സ്കോളർഷിപ്പിന്റെ പേര് | മുസ്ലീം | | | ക്രിസ്ത്യൻ | | | മറ്റു വിഭാഗങ്ങളുടെ എണ്ണം (സിഖ്, ബുദ്ധ, ജൈന, പാഴ്സി) |
|---|---|---|---|---|---|---|---|---|
| | | അപേക്ഷിച്ച വരുടെ എണ്ണം | സ്ഥാപന മേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപന മേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | |
| 1 | പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (എസ് .എസ്.എൽ.സി/പ്ലസ് ടു, യു.ജി/പി.ജി) | 25828 | 23717 | 2549 | 13729 | 12013 | 1764 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥിയും, ജൈന മത വിഭാഗത്തിൽ നിന്നും 4 വിദ്യാർത്ഥിയും അപേക്ഷിച്ചിട്ടുണ്ട്. രണ്ട് മത വിഭാഗത്തിൽ നിന്നും ജനസംഖ്യാനുപാതികമായി ഓരോ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | സി.എ/ ഐ.സി.ഡബ്ല്യൂ.എ/ സി.എസ് സ്കോളർഷിപ്പ് | 655 | 402 | 126 | 432 | 263 | 86 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥികൾ അപേക്ഷിച്ചിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥികൾക്ക് അപ്രൂവൽ നൽകിയിട്ടില്ല |
| 3 | പ്രൈവറ്റ് ഐ.റ്റി.ഐ- ഫീ റീ- ഇംമ്പേഴ്സ് മെൻറ് സ്കീം | 3435 | 2879 | 2102 | 1276 | 1003 | 994 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥി അപേക്ഷിച്ചിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥിയ്ക്ക് അപ്രൂവൽ നൽകിയിട്ടില്ല. |
| 4 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്) | 10016 | 8217 | 5375 | 873 | 592 | 490 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥിയും, സിഖ് മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥിയും അപേക്ഷിച്ചിട്ടുണ്ട്. സിഖ് മത വിഭാഗത്തിൽ ഒരു വിദ്യാർത്ഥിയെ സ്കോളർഷിപ്പിന് തെരഞ്ഞെടുത്തിട്ടുണ്ട്. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) | 5609 | 5220 | 5220 | 212 | 192 | 192 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 5 | സിവിൽ സർവ്വീസ് ഫീ-റീ ഇംബേഴ്സ്മെൻറ് സ്കീം | 37 | 32 | 32 | 28 | 21 | 21 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 6 | ഉർദ്ദു സ്കോളർഷിപ്പ് | 551 | 375 | 375 | 6 | 4 | 4 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 7 | മദർതേരേസ സ്കോളർഷിപ്പ് | 463 | 395 | 262 | 217 | 132 | 124 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് | 1139 | 728 | 693 | 564 | 344 | 327 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥികൾ അപേക്ഷിച്ചിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവി വെരിഫിക്കേഷനും അപ്രൂവലും നൽകിയിട്ടില്ല |
| 9 | പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.ടി | 37 | 8 | 8 | 17 | 10 | 10 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 10 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | 50 | 8 | 7 | 234 | 62 | 6 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ